1

സ്ഥിരം സമിതി അദാലത്ത് – ഉപജില്ലാ സമിതി 4 ന്റെ പരിധിയിൽ വരുന്ന കോട്ടായി ഗ്രാമ പഞ്ചായത്തിലെ പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിനായി 20.02.2025 തീയതിയിൽ വ്യാഴാഴ്ച രാവിലെ 11 മണിക്ക് ഉപജില്ലാ സമിതി കൺവീനർ ശ്രീമതി.ജലജ.സി യുടെ അദ്ധ്യക്ഷതയിൽ കോട്ടായി ഗ്രാമ പഞ്ചായത്ത് മീറ്റിംഗ് ഹാളിൽ വെച്ച് നടത്തിയ ഉപജില്ലാ സമിതി 4 ന്റെ അദാലത്തിലെ ഹാജരും അദാലത്തിൽ പരിഗണിച്ച പരാതികളും അദാലത്ത് തീരുമാനവും ചുവടെ ചേർക്കുന്നു.

ഹാജർ –
ശ്രീമതി.ജലജ.സി –കൺവീനർ,ഉപജില്ലാസമിതി 4 –
ശ്രീ.ശരത് ശങ്കർ – ഡെപ്യൂട്ടി ടൗൺ പ്ലാനർ ( അംഗം)
ശ്രീ.വിനോദ് – അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ( അംഗം)

അദാലത്തിൽ പരിഗണിച്ച പരാതികളും അദാലത്ത് തീരുമാനവും

1. ഡോക്കറ്റ് നം.– BPPKD40853000011 – കണ്ണദാസ്.സി.ആർ

കോട്ടായി 1 വില്ലേജിൽ റീ സർവ്വേ നമ്പർ 666/22,23 ൽ ഉൾപ്പെട്ട ( 0.0094 ,Ha 0.0137 Ha ) സ്ഥലത്ത് താഴത്തെ നില 123.60 ചതുരശ്ര മീറ്ററും ഒന്നാം നില 129.60 ചതുരശ്ര മീറ്ററും ആകെ 253.20 ചതുരശ്ര മീറ്റർ വിസ്തൃതയിൽ നാല് താമസ യൂണിറ്റ് കെട്ടിട നിർമ്മാണത്തിന് കെട്ടിട നിർമ്മാണ പെർമിറ്റിനായി ശ്രീ.കണ്ണദാസ് ,ചെന്നരാട്,കോട്ടായി എന്നവർ സമർപ്പിച്ച അപേക്ഷയിൽ സെക്രട്ടറി പരിശോധന നടത്തി അപാകതകൾ അപേക്ഷകന് അറിയിച്ചതായി കാണുന്നു, സെക്രട്ടറിയുടെ നടപടി അദാലത്ത് സമിതി പരിശോധിച്ച കൂടാതെ ടി പ്ലോട്ട് നേരിൽ പരിശോധിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ആയത് ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്തു. ആയത് പ്രകാരം സെക്രട്ടറിക്ക് താഴെ പറയുന്ന നിർദ്ദേശം നൽകി .

*അദാലത്ത് നിർദ്ദേശം –*

*പ്ലോട്ട് സബ് ഡിവിഷൻ നടന്നിട്ടുള്ളതായി കാണുന്നതിനാലും ,ആയത് അനുമതിയില്ലാതെ നടന്ന പ്ലോട്ട് സബ് ഡിവിഷനായതിനാലും ടി പ്ലോട്ട് സബ് ഡിവിഷൻ റെഗുലറൈസേഷൻ ചെയ്യുന്നതിന് പ്ലോട്ട് ഉടമസ്ഥരിൽ നിന്നും സംയുക്ത അപേക്ഷ ലഭ്യമാക്കി ആയത് ചട്ടപ്രകാരം റെഗുലറൈസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി.*

2. ഡോക്കറ്റ് നം.– BPPKD40853000012– അബ്ദുൾ ഖാദർ .ടി.എ

VINOD M. K.
PEN: 436484
Assistant Executive Engineer

SARATH SANKAR.M
PEN: 88196

JALAJA. C
PEN: 415859
Assistant Director
Joint Director
Palakkad

കൺവീനർ
ഉപജില്ലാ സമിതി

CamScanner
Scanned with OKEN Scanner

കോട്ടായി 1 വില്ലേജ് റീ സർവ്വേ നമ്പർ 694/24 ൽ 0.0121 ഹെക്ടർ വിസ്തൃതിയിലുള്ള സ്ഥലത്ത് 70.61 ചതുരശ്ര മീറ്റർ വിസതൃതയിൽ നിലവിലുള്ള 11/571 നമ്പർ കെട്ടിടത്തിന് മുകളിലായി 65.40 ചതുരശ്ര മീറ്റർ കൂട്ടിച്ചേർക്കൽ വരുത്തുന്നതിന് പെർമിറ്റ് ലഭിക്കുന്നതിനുള്ള ശ്രീ,അബ്ദുൾ ഖാദർ.ടി.എ സമർപ്പിച്ച അപേക്ഷയിൽ സെക്രട്ടറി സെക്രട്ടറി പരിശോധന നടത്തി അപാകതകൾ അപേക്ഷകന് അറിയിച്ചതായി കാണുന്നു, സെക്രട്ടറിയുടെ നടപടി അദാലത്ത് സമിതി പരിശോധിച്ച ആയത് ശരിയാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിക്ക് താഴെ പറയുന്ന നിർദ്ദേശം നൽകി.

***അദാലത്ത് നിർദ്ദേശം –***

***പഞ്ചായത്ത് സ്ഥലം കൈയ്യേറിയിട്ടുണ്ടോയെന്ന് പരിശോധിച്ച് ബോധ്യപ്പെട്ട ശേഷം നിലവിലുള്ള കെട്ടിടത്തിൽ അനധികൃതമായി നടത്തിയിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ പൊളിച്ചുമാറ്റി എന്ന് ഉറപ്പുവരുത്തി തൊട്ടടുത്ത ഭൂ ഉടമയിൽ നിന്നുള്ള നിരാക്ഷേപ പത്രം ലഭ്യമാണെങ്കിൽ ,മുകളിലത്തെ നിലയിൽ നൽകിയിട്ടുള്ള വരാന്ത അനുവദിച്ചുകൊണ്ട് ,കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ഒന്നാം നിലയിലെ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകാവുന്നതാണ്.***

**<u>3. ഡോക്കറ്റ് നം.– BPPKD40853000013 –ശ്രീരാം & മോഹൻ</u>**

കോട്ടായി 1 വില്ലേജിൽ റീ സർവ്വേ നമ്പർ 119/28, 120/22 ൽ ഉൾപ്പെട്ട സ്ഥലത്ത് 273.18 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ കെട്ടിട നിർമ്മാണം നടത്തുന്നതിന് കെട്ടിട നിർമ്മാണ പെർമിറ്റിനായി ശ്രീ.ശ്രരാം.വി & മോഹൻ ,കുത്തലക്കാട്,ചെറുകളം ,കോട്ടായി എന്നവർ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സെക്രട്ടറി പരിശോധന നടത്തി അപാകതകൾ അപേക്ഷകന് അറിയിച്ചിട്ടുള്ളത് അദാലത്ത് സമിതി പരിശോധിച്ച, ആയതിൽ താഴെ പറയും പ്രകാരം നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി

***അദാലത്ത് നിർദ്ദേശം–***

***നിലവിലെ പ്ലോട്ടുകളുടെ സബ് ഡിവിഷൻ പരിഗണിക്കുമ്പോൾ ആയത് മുഴുവനായും ഫാമിലി പ്രോപ്പർട്ടി പാർട്ടീഷൻ ആണെന്നതിനാലും , അപേക്ഷകൻ വാങ്ങിയ ഭൂമി അതിൽ നിന്നും ഉള്ള ഒരു പാർട്ടീഷൻ ഭൂമിയാണ് എന്നതിനാലും ലേ ഔട്ട് അനുമതി ആവശ്യമില്ലാത്തതാണ്,ആയതിനാൽ ചട്ട പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കാവുന്നതാണ്.***

VINOD. M. K.
PEN: 456484
Assistant Executive Engineer
D.(LID & EW) Sub Division,
Block Panchayath-678 508.

SANKAR.M

JALAJA. C

CS CamScanner
Scanned with OKEN Scanner

<u>4. ഡോക്കറ്റ് നം.- BPPKD40853000014- നന്ദകുമാർ & വിജി നന്ദകുമാർ</u>

കോട്ടായി 1 വില്ലേജിൽ റീ സർവ്വേ നമ്പർ 770/ 6, 770/41 ( 0.0012 ഹെക്ടർ, 0.0762 ഹെക്ടർ ) ൽ താഴത്തെ നിലയിൽ 118.46 ചതുരശ്ര മീറ്റർ വിസ്തൃതിയിലും ഒന്നാം നിലയിൽ 64.20 ചതിരശ്ര മീറ്റർ വിസ്തൃതിയിലും ആകെ 182.66 ചതരശ്ര മീറ്റർ വിസ്തൃതിയിൽ വാസഗൃഹം നിർമ്മിക്കുന്നതിന് കെട്ടിട നിർമ്മാണ പെർമിറ്റിനായി സമർപ്പിച്ച അപേക്ഷയിൽ സെക്രട്ടറി സ്ഥലപരിശോധന നടത്തി കണ്ടെത്തിയ ന്യൂനതകൾ അപേക്ഷകന് അറിയിച്ചിട്ടുള്ള നടപടി അദാലത്ത് സമിതി പരിശോധിച്ചു,ആയത് ശരിയാണെന്ന് ബോധ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിക്ക് താഴെ പറയുന്ന നിർദ്ദേശം നൽകി.

***അദാലത്ത് നിർദ്ദേശം-***

***ടി പ്ലോട്ട് ,അനധികൃതമായി പ്ലോട്ട് സബ് ഡിവിഷൻ ചെയ്ത പ്ലോട്ടിൽ ഉൾപ്പെട്ടുകാണുന്നതിനാൽ , നിയമാനുസൃത പ്ലോട്ട് സബ് ഡിവിഷന് പ്ലോട്ട് ഉടമസ്ഥരുടെ സംയുക്ത അപേക്ഷ ലഭ്യമാക്കി നിയമാനുസൃത തുടർനടപടി സ്വീകരിച്ചതിനുശേഷം നിലിവൽ സമർപ്പിച്ചിരിക്കുന്ന അപേക്ഷ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമാണോയെന്ന് പരിശോധിച്ച് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ചു.***

<u>5. ഡോക്കറ്റ് നം.- BPPKD40853000015- അബ്ദുൾ റസാഖ്</u>

കോട്ടായി 1 വില്ലേജിൽ റീ സർവ്വേ നമ്പർ 506/21 ൽ ഉൾപ്പെട്ട 0.0232 ഹെക്ടർ സ്ഥലത്ത് താഴത്തെ നിലയിൽ 109 ചതുശ്ര മീറ്റർ വിസ്തൃതിയിലും ഒന്നാം നിലയിൽ 12 ചതുരശ്ര മീറ്റർ വിസ്തൃതിയിലും ഉൾപ്പെടെ ആകെ 121 ചതുശ്ര മീറ്റർ വിസ്തൃതിയിൽ വാസഗൃഹം നിർമ്മിക്കുന്നതിന് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ.അബ്ദുൾ റസാഖ് സമർപ്പിച്ച അപേക്ഷയൽ സെക്രട്ടറി പരിശോധന നടത്തി കണ്ടെത്തിയ അപാകതകൾ അപേക്ഷകന് അറിയിച്ചത് അദാലത്ത് സമിതി പരിശോധിച്ചു,ആയത് ശരിയാണെന്ന് ബോധ്യെപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിക്ക് താഴെ പറയും പ്രകാരം നിർദ്ദേശം നൽകി

***അദാലത്ത് നിർദ്ദേശം –***

***തെരുവും പ്ലോട്ട് അതിരും തമ്മിലുള്ള അതിർത്തി നിർണ്ണയിക്കുന്നതിന് താലൂക്ക് സർവ്വേയറുടെ സഹായം ലഭ്യമാക്കേണ്ടതാണ്. ആയതിന് കാലതാമസം ഉണ്ടാകുകയാണെങ്കിൽ റവന്യൂ അധികാരികളുടെ സാന്നിദ്ധ്യത്തിൽ സ്വകാര്യ ഏജൻസികളെക്കൊണ്ട് പ്ലോട്ട് അതിർത്തി നിർണ്ണയിച്ച് റോഡ് കയ്യേറ്റമില്ലെന്ന് ഉറപ്പ് വരുത്തി കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷയിൽ തുടർനടപടി സ്വീകരിക്കേണ്ടതാണെന്ന് സെക്രട്ടറിയോട് നിർദ്ദേശിച്ചു.***

VINOD. M. K.
PEN: 456484
Assistant Executive Engineer
L.S.G.D.(LID & EW) Sub Division,
Nenmara Block Panchayath-678 508.

SARATH SANKAR.M
PEN: 881967
Deputy Town Planner
LSGD Planning

JALAJA. C
PEN: 415859
Assistant Director
Office of the Joint Director
LSGD, Palakkad

കൺവീനർ
അദാലത്ത് ഉപസമിതി

CamScanner
Scanned with OKEN Scanner

8

**6. ഡോക്കറ്റ് നം.- BPPKD40853000016- രവി.എ.വി**

കോട്ടായി 1 വില്ലേജിൽ റി സർവ്വേ നമ്പർ 291/19 ൽ ഉൾപ്പെട്ട 0.0486 ഹെക്ടർ സ്ഥലത്ത് നിലവിലുള്ള 13/290 നമ്പർ വാസഗൃഹകെട്ടിടത്തിന് മുകളിലായി ( 107.22 ചതുരശ്ര മീറ്റർ ) 53.88 ചതുരശ്ര മീറ്റർ ഒന്നാം നില നിർമ്മാണത്തിന് കെട്ടിട നിർമ്മാണ പെർമിറ്റ് ലഭിക്കുന്നതിനായി ശ്രീ.രവി.എ.വി ,അലിക്കൽ ഹൗസ്,ചെന്നമനാട് ,കോട്ടായി എന്നവർ സമർപ്പിച്ച അപേക്ഷയിൽ സെക്രട്ടറി പരിശോധന നടത്തി കണ്ടെത്തിയ അപാകതകൾ അപേക്ഷകന് അറിയിച്ചത് അദാലത്ത് സമിതി പരിശോധിച്ചു,ആയത് ശരിയാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിക്ക് താഴെ പറയും പ്രകാരം നിർദ്ദേശം നൽകി .

***അദാലത്ത് നിർദ്ദേശം -***

***പ്ലോട്ടിന്റെ തെക്കുഭാഗത്തുള്ള വഴിയിൽ നിന്നും കോണിപ്പടിയിലേക്കുള്ള അകലം കെ.പി.ബി.ആർ ചട്ടം 26 പാലിക്കാത്തതിനാൽ ടി കോണിപ്പടി ടി സ്ഥലത്തു നിന്നും പൊളിച്ചുമാറ്റി നിയമാനുസൃത സെറ്റ് ബാക്ക് കിട്ടുന്ന മറ്റ് സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനും പ്ലോട്ട് അതിർത്തിക്കുള്ളിലുള്ള രണ്ടു കെട്ടിടങ്ങളും യോജിപ്പിച്ച് എക്സ്റ്റൻഷൻ ആയി അപേക്ഷ സമർപ്പിക്കുന്നതിനും അപേക്ഷകന് അറിയിപ്പ് നൽകുന്നതിനും അപ്രകാരം അപേക്ഷ ല ഭ്യമാകുന്ന മുറയ്ക്ക് നിയമാനുസൃത നടപടി സ്വീകരിച്ച് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ചു.***

**7. ഡോക്കറ്റ് നം.- BPPKD40853000017- ഹരിദാസ് -**

കോട്ടായി 2 വില്ലേജിൽ റീ സർവ്വേ നമ്പർ 349/20 ൽ ഉൾപ്പെട്ട 0.0234 ഹെക്ടർ സ്ഥലത്ത് താഴത്തെ നിലയിൽ 121.26 ചതുരശ്ര മീറ്റർ വിസ്തൃതിയിലും ഒന്നാം നിലയിൽ 27.77 ചതുരശ്ര മീറ്റർ വിസ്തൃതിയിലും ആങ്ങനെ ആകെ 149.03 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ വാസഗൃഹം നിർമ്മിക്കുന്നതിന് കെട്ടിട നിർമ്മാണ പെർമിറ്റ് ലഭിക്കുന്നതിന് ശ്രീ.ഹരിദാസ് കനെത്തലത്ത് ഹൗസ്,കൊല്ലങ്കോട് ,പുഴയ്ക്കൽത്തറ എന്നവരുടെ അപേക്ഷയിൽ സെക്രട്ടറി പരിശോധന നടത്തി കണ്ടെത്തിയ അപാകതകൾ അപേക്ഷകന് അറിയിച്ചത് അദാലത്ത് സമിതി പരിശോധിച്ചു,ആയത് ശരിയാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിക്ക് താഴെ പറയും പ്രകാരം നിർദ്ദേശം നൽകി .

***അദാലത്ത് നിർദ്ദേശം -***

***നിലവിൽ പ്രസ്തുത ലേ ഔട്ടിൽ ബാക്കിയുള്ള പ്ലോട്ടുകളുടെ എണ്ണം പരിഗണിക്കുമ്പോൾ ലേ ഔട്ട് അനുമതി ആവശ്യമില്ലാത്തതിനാൽ, ചട്ടങ്ങൾ***

VINOD. M. K.
PEN: 456484
Assistant Executive Engineer
L.S.G.D.(LID & EW) Sub Division,
Kollengode Block Panchayath-678508

SARATH SANKAR.M
PEN: 881967
Deputy Town Planner
LSGD Planning

JALAJA. C
PEN : 415859
Assistant Director
Office of the Joint Director
LSGD, Palakkad

CamScanner
Scanned with OKEN Scanner

***ക്ക് വിധേയമായി കെട്ടിട നിർമ്മാണ അനുമതി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.***

**8. <u>ഡോക്കറ്റ് നം.– BPPKD40853000018– മല്ലികാ ലക്ഷമി</u>**

കോട്ടായി 2 വില്ലേജിൽ റീ സർവ്വേ നമ്പർ 364/14 ൽ 0.0243 ഹെക്ടർ സ്ഥലത്ത് താഴത്തെ നിലയിൽ 93.98 ചതുരശ്ര മീറ്റർ വിസതൃതിയിലും ഒന്നാം നിലയിൽ 11.69 ചതുരശ്ര മീറ്റർ വിസതൃതിയിലും അങ്ങനെ ആകെ 105.67 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ വാസഗൃഹം നിർമ്മിക്കുന്നതിന് ശ്രീമതി.മല്ലികാലക്ഷമി, ശ്രീവത്സം, ചേന്ദങ്കോട്, കോട്ടായി എന്നയാൾ സമർപ്പിച്ച അപേക്ഷയിൽ സെക്രട്ടറി പരിശോധന നടത്തി അപാകതകൾ അപേക്ഷകയെ അറിയിച്ചിട്ടുള്ളത് അദാലത്ത് സമിതി പരിശോധിച്ചു.കൂടാതെ ടി പ്ലോട്ട് അദാലത്ത് സമിതി നേരിൽ പരിശോധിക്കുകയും ചെയ്തു,ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിക്ക് താഴെ പറയും പ്രകാരം നിർദ്ദേശം നൽകി .

***അദാലത്ത് നിർദ്ദേശം –***

***ടി പ്ലോട്ട് ,അനധികൃതമായി പ്ലോട്ട് സബ് ഡിവിഷൻ ചെയ്തിട്ടുള്ള ഭൂമിയായി കാണുന്നതിനാൽ പ്ലോട്ട് ഉടമകളിൽ നിന്നും സംയുക്ത അപേക്ഷ ലഭ്യമാക്കി പ്ലോട്ട് സബ് ഡിവിഷൻ റഗുലറൈസ് ചെയ്ത് തുടർനടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി.***

**9. <u>ഡോക്കറ്റ് നം.– BPPKD40853000019 – ഷാജഹാൻ.വി.എം</u>**

കോട്ടായി 1 വില്ലേജിൽ റീസർവ്വേ നമ്പർ 770/34,35 ൽ ഉൾപ്പെട്ട 0.0281, 0.0124 ഹെക്ടർ സ്ഥലത്ത് താഴത്തെ നിലയിൽ 125.66 ച.മീ വിസ്തൃതിയിലും ഒന്നാം നിലയിൽ 12.40 ച.മീ വിസ്തൃതിയിലും അങ്ങനെ ആകെ 138.06 ച.മീ വാസഗൃഹം നിർമ്മിക്കുന്നതിന് കെട്ടിട നിർമ്മാണ പെർമിറ്റിനായി ശ്രീ.ഷാജഹാൻ.വി.എം ,വലിയപറമ്പ്,പറളി എടുത്തറ സമർപ്പിച്ച കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷയിൽ സെക്രട്ടറി പരിശോധിച്ച് അപേക്ഷകന് അപാകതകൾ അറിയിച്ചിട്ടുള്ളത് അദാലത്ത് സമിതി പരിശോധിച്ചു.,ആയത് ശരിയാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിക്ക് താഴെ പറയുന്ന നിർദ്ദേശം നൽകി

***അദാലത്ത് നിർദ്ദേശം –***

***ടി കെട്ടിട നിർമ്മാണം നടത്തുന്ന പ്ലോട്ട് ,പ്ലോട്ട് സബ് ഡിവിഷൻ ചെയ്യേണ്ട സ്ഥലത്തായതിനാലും നിയമാനുസൃതമായി പ്ലോട്ട് സബ് ഡിവിഷൻ ചെയ്തതായി കാണാത്തതിനാലും പ്ലോട്ട് സബ് ഡിവിഷൻ ചെയ്യുന്നതിന് പ്ലോട്ടുടമകളുടെ സംയുക്ത അപേക്ഷ ലഭ്യമാക്കി നിയമാനുസൃത തുടർനടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ചു.***

VINOD. M. K.
PEN: 456484
Assistant Executive Engineer
L.S.G.D.(LID & EW) Sub Division,
Nenmara Block Panchayath-678 508.

SARATH SANKAR.M
PEN: 881967
Town Planner

JALAJA. C
PEN: 415859
Assistant Director
Office of the Joint Director
LSGD, Palakkad

CamScanner
Scanned with OKEN Scanner

**10. ഡോക്കറ്റ് നം.– BPPKD40853000020 – രാധ**

കോട്ടായി 1 വില്ലേജ് റീ സർവ്വേ നമ്പർ 606/40 ൽ ഉൾപ്പെട്ട 0.0123 ഹെക്ടർ സ്ഥലത്ത് താഴത്തെ നിലയിൽ 56.51 ച.മീ വിസ്തൃതിയിലും ഒന്നാം നിലയിൽ 33.53 ച.മീ വിസ്തൃതിയിലും അങ്ങനെ ആകെ 90.04 ച.മീ വിസ്തൃതിയിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിന് കെട്ടിട നമ്പർ ലഭിക്കുന്നതിന് ശ്രീമതി.രാധ,രാധാസഞ്ജീവം,ചന്ദ്രക്കളം,കോട്ടായി എന്നവരുടെ എന്നവരുടെ അപേക്ഷയിൽ സെക്രട്ടറി പരിശോധന നടത്തി അപേക്ഷകന് അപാകതകൾ അറിയിച്ചിട്ടുള്ളത് അദാലത്ത് സമിതി പരിശോധിച്ചു.,ടി കെട്ടിട നിർമ്മാണത്തിന് 10.11.2023 തീയതിയിൽ പെർമിറ്റ് നം.371487/2023 ആയി പെർമിറ്റ് അനുവദിച്ചതായി കാണുന്നു,എന്നാൽ അനുമതി നൽകി തറവിസ്തീർണ്ണം 81.78 ച.മീ ആണ്,ആയതിൽ നിന്നും അധികരിച്ചാണ് നിർമ്മാണം നടത്തിയതെന്നും കാണുന്നു.സെക്രട്ടറി അപേകകന് നൽകിയ മറുപടി പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിക്ക് താഴെ പറയും പ്രകാരം നിർദ്ദേശം നൽകി .

**അദാലത്ത് നിർദ്ദേശം –**

***ലേ ഔട്ട് രൂപീകരിച്ചിട്ടുള്ളത് ഫാമിലി പ്രോപ്പർട്ടി പാർട്ടീഷൻ ചെയ്തതിന്റെ ഭാഗമായിട്ടുള്ളതാണ് എന്നുള്ളതിനാൽ ആയത് ഡെവലപ്മെന്റ് ഓഫ് ലാന്റിന്റെ നിർവ്വചനത്തിൽ വരുന്നതല്ല.അതിൽ നിന്നും തിരിച്ചിട്ടുള്ള പ്ലോട്ടുകളുടെ എണ്ണം പത്തിൽ കുറവായതിനാൽ ലേ ഔട്ട് നിർബന്ധമാക്കേണ്ടതില്ല. ഫയൽ പരിശോധിച്ച് കെട്ടിട നമ്പർ അനുവദിക്കാവുന്നതാണ്.***

**11. ഡോക്കറ്റ് നം.– BPPKD40853000021– സുനീഷ് കെ.സി**

കോട്ടായി 1 വില്ലേജ് റീസർവ്വേ നമ്പർ 214/7 ,25 ൽ ഉൾപ്പെട്ട 0.0336 , 0.0304 ഹെക്ടർ സ്ഥലത്ത് താഴത്തെ നിലയിൽ 100.18 ച.മീ വിസ്തൃതിയിലും ഒന്നാം നിലയിൽ 16.62 ച.മീ വിസ്തൃതിയിലും അങ്ങനെ ആകെ 120.94 ച.മീ വിസ്തൃതിയിൽ വാസഗൃഹം നിർമ്മാണം പൂർത്തീകരിച്ചതിന് കെട്ടിട നമ്പർ ലഭ്യമാകുന്നതിന് ശ്രീ.സുനീഷ്.കെ.സി സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ ടി കെട്ടിട നിർമ്മാണത്തിന് 01.12.2023 തീയതിയിൽ 411638/2023 നമ്പരായി പെർമിറ്റ് അനുവദിച്ചിട്ടുള്ളതായി കാണുന്നു,എന്നാൽ ടി കെട്ടിട നിർമ്മാണ പെർമിറ്റിൽ 116.8 ച.മീ വിസ്തൃതിയിലുള്ള നിർമ്മാണം നടത്തുന്നതിനാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത് . കെട്ടിട നമ്പരിനായുള്ള ടി അപേക്ഷയിൽ സെക്രട്ടറി അപേക്ഷകന് നൽകിയ മറുപടി പരിശോധിച്ച് ശരിയാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിക്ക് താഴെ പറയും പ്രകാരം നിർദ്ദേശം നൽകി.

***അദാലത്ത് നിർദ്ദേശം –***

VINOD. M. K.
PEN: 456484
Assistant Executive Engineer
L.S.G.D.(LID & EW) Sub Division,
Nenmara Block Panchayath-678 508.

SARATH SANKAR.M
PEN: 881967
Deputy Town Planner
LSGD Planning

JALAJA. C
PEN : 415839
Assistant Director
Office of the Joint Director
LSGD, Palakkad

CamScanner
Scanned with OKEN Scanner

***സ്വകാര്യ സർവ്വേയറുടെ സഹായത്തോടെ തയ്യാറാക്കിയിരിക്കുന്ന സ്കെച്ച് പരിശോധിക്കുമ്പോൾ അപേക്ഷകന്റെ സ്ഥലം റോഡിൽ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു.ആയതിനാൽ ആകെ സ്ഥല വിസ്തൃതിയും സ്കെച്ചിലെ വിസ്തൃതിയും പരിശോധിച്ച് കെട്ടിട നമ്പർ അനുവദിക്കാവുന്നതാണ്.***

**<u>12. ഡോക്കറ്റ് നം.- BPPKD40853000022 - സുഭദ്ര.എം.</u>**

കോട്ടായി 2 വില്ലേജിൽ റീ സർവ്വേ നമ്പർ 400/33 ൽ ഉൾപ്പെട്ട സ്ഥലത്ത് 58.48 ച.മീ വിസ്തൃതിയിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിന് കെട്ടിട നമ്പർ അനുവദിക്കണമെന്ന് ശ്രീമതി.സുഭദ്ര.എം ധ/o സുബ്രമണ്യൻ സമർപ്പിച്ച അപേക്ഷയിൽ ഇലക്ട്രിക് കമ്പിയിൽ നിന്നും മതിയായ അകലം പാലിക്കുന്നില്ലായെന്നതിനാൽ കെട്ടിട നമ്പർ അനുവദിക്കാൻ കഴിയില്ലായെന്ന് അപേക്ഷകയെ അറിയിച്ചിട്ടുള്ള സെക്രട്ടറിയുടെ നടപടി സമിതി പരിശോധിച്ചു, കൂടാതെ സ്ഥലം നേരിൽ സന്ദർശിക്കുകയും ആയത് ശരിയാണെന്ന് ബോധ്യപ്പെടുകയും ചെയ്തു,ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിക്ക് താഴെപറയും പ്രകാരം നിർദ്ദേശം നൽകി .

***അദാലത്ത് നിർദ്ദേശം -***

***കെ.എസ്.ഇ.ബി യിലേക്ക് കത്ത് നൽകി വൈദ്യുത ലൈനിൽ നിന്നും ആവശ്യമായ അകലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനും ,ആയതിന് ശേഷം നിയമാനുസൃത നടപടിയിലൂടെ കെട്ടിട നമ്പർ അനുവദിക്കുന്നതിനും സെക്രട്ടറിയോട് നിർദ്ദേശിച്ചു.***

**<u>13. ഡോക്കറ്റ് നം.- BPPKD40853000022 - ജ്യോതിഷ്.</u>**

കോട്ടായി 2 വില്ലേജിൽ റീ സർവ്വേ നമ്പർ 549/29 ,30, 33, 34 ൽ പെട്ട സ്ഥലത്ത് 05/05/2023 തീയതിയിൽ 266405/2023 നമ്പർ പെർമിറ്റ് പ്രകാരം 255.16 ചതുരശ്ര മീറ്റർ വിസതൃതിയിൽ വാസഗൃഹ നിർമ്മാണത്തിനും 79.91 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ വാണിജ്യാവശ്യ കെട്ടിട നിർമ്മാണത്തിനും പെർമിറ്റ് അനുവദിച്ചിട്ടുള്ളതായി കാണുന്നു,എന്നാൽ ടി പ്ലോട്ടിൽ താഴത്തെ നിലയിൽ 126.21 ച.മീ വിസ്തൃതിയിലും ഒന്നാം നിലയിൽ 126.21 ച.മീ വിസ്തൃതിയിലും കാർ പോർച്ച് 17.08 ച.മീ വിസ്തൃതിയിലും അങ്ങനെ ആകെ 270.30 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ വാസഗൃഹ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലുള്ളതായും വാണിജ്യകെട്ടിട ഉപയോഗത്തിന് താഴത്തെ നിലയിൽ 66.43 ച.മീ വിസ്തൃതിയിലും ഒന്നാം നില 13.48 വിസ്തൃതിയിലും അങ്ങനെ ആകെ 79.91 ചതുരശ്ര മീറ്റർ വിസ്തൃതിയിൽ നിർമ്മാണം പൂർത്തീകരിച്ചതായും ആയതിനാൽ നിർമ്മാണം പൂർത്തീകരിച്ച വാണിജ്യകെട്ടിടത്തിന് കെട്ടിട നമ്പർ അനുവദിക്കണമെന്ന് ശ്രീ.ജ്യോതിഷ് s/o കിട്ടു ,പൂവക്കോട് ഹൗസ്,പുളിനെല്ലി,കോട്ടായി എന്നവരുടെ അപേക്ഷയിൽ സെക്രട്ടറി

VINOD. M. K.
PEN: 456484
Assistant Executive Engineer
L.S.G.D.(LID & EW) Sub Division,
Nenmara Block Panchayath-678 508.

SARATH SANKAR.M
PEN: 881967
Deputy Town Planner
LSGD Pla...

JALAJA. C
PEN: 415859
Assistant Director
Office of the Joint Director
LSGD, Palakkad

CamScanner
Scanned with OKEN Scanner

പരിശോധന നടത്തി അപാകത അപേക്ഷകന് അറിയിച്ചിട്ടുള്ളത് അദാലത്ത് സമിതി പരിശോധിച്ച്, ആയത് ശരിയാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിക്ക് താഴെ പറയും പ്രകാരം നിർദ്ദേശം നൽകി .

***അദാലത്ത് നിർദ്ദേശം:-***

***ശ്രീ.ജ്യോതിഷ് S/O കിട്ട ,പൂവക്കോട് ഹൗസ്,പുളിനെല്ലി,കോട്ടായി എന്നവർക്ക് അനുവദിച്ചിട്ടുള്ള കെട്ടിട നിർമ്മാണ പെർമിറ്റ് പ്രകാരം നിർമ്മാണം ഭാഗികമായി പൂർത്തീകരിച്ച കെട്ടിട നിർമ്മാണത്തിന് മറ്റ് ന്യൂനതകൾ ഇല്ലെന്ന് ഉറപ്പുവരുത്തി കെട്ടിട നമ്പർ അനുവദിക്കാവുന്നതാണ്.***

VINOD. M. K.
PEN: 456484
Assistant Executive Engineer
L.S.G.D.(LID & EW) Sub Division,
Nenmara Block Panchayath-678 508.

Deputy Town Planner

SARATH SANKAR.M
PEN: 881967
Deputy Town Planner
LSGD Planning

JALAJA. C
PEN : 415859
Assistant Director
Office of the Joint Director
LSGD, Palakkad

CamScanner
Scanned with OKEN Scanner